**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 517** **10-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യഭവനുകൾ നവീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യഭവനുകളിൽ പ്രവർത്തനത്തിന് അനുയോജ്യമായ കെട്ടിട സൗകര്യമുള്ളവ എത്രയെണ്ണമുണ്ടെന്ന് വിശദമാക്കുമോ; | (എ) | G.O (P) No.40/2019/F&PD തീയതി 29/10/2019 എന്ന ഉത്തരവ് പ്രകാരം 67 മത്സ്യഭവനുകൾ സ്ഥാപിക്കുകയും ഓരോ മത്സ്യഭവനുകളുടെയും അധികാര പരിധി നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 51 തീരദേശ മത്സ്യഭവനുകളും 16 ഉൾനാടൻ മത്സ്യഭവനുകളുമാണുള്ളത്. ഇതിൽ 20 മത്സ്യഭവനുകൾക്ക് അനുയോജ്യമായ കെട്ടിട സൗകര്യങ്ങളുണ്ട്. രണ്ട് മത്സ്യഭവനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എല്ലാ മത്സ്യഭവനുകളും സ്ത്രീ/ഭിന്നശേഷി സൗഹൃദമാക്കുന്നതിനും കെട്ടിടമില്ലാത്തവയ്ക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | അനുയോജ്യമായ കെട്ടിട സൗകര്യങ്ങളുള്ള മത്സ്യഭവനുകളിൽ ഭൂരിഭാഗവും സ്ത്രീ/ഭിന്നശേഷി സൗഹൃദ കെട്ടിടങ്ങളാണ്. സ്ഥലപരിമിതി മൂലം ചില മത്സ്യഭവനുകൾ സ്ത്രീ/ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സാധിച്ചിട്ടില്ല. മത്സ്യഭവനുകളെല്ലാം സ്ത്രീ/ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി ഫ്രണ്ട് ഓഫീസ് സൗകര്യം, റാമ്പ് സൗകര്യം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, ഇൻസിനറേറ്റർ സൗകര്യം കൂടാതെ, വെൻഡിംഗ് മെഷീൻ സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിനും, മത്സ്യഭവനുകൾ മുഖേന നൽകി വരുന്ന സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും കെട്ടിടം ഇല്ലാത്തതിന് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനുമായി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചും, എം.എൽ.എ ഫണ്ട് ഉപയോഗിച്ചും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | വകുപ്പിന്റെ കീഴിലെ മത്സ്യഭവനുകൾ നവീകരിക്കുന്നതിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ മതിയായ സൗകര്യങ്ങളില്ലാത്ത മത്സ്യഭവനുകൾ നവീകരിക്കുന്നതിനും സ്വന്തമായി കെട്ടിടമില്ലാത്ത |

| | | | |
|---|---|---|---|
| | | | മത്സ്യഭവനുകൾക്ക് സ്ഥല ലഭ്യത ഉറപ്പാക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ബഹു. എം.എൽ.എ മാരുടെ ഫണ്ട് കൂടി ലഭ്യമാക്കി ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ ഫിഷറീസ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി തുക അനുവദിയ്ക്കുന്നതിന് ബന്ധപ്പെട്ട എം.എൽ.എ മാർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ